പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 310. 09/04/2013 -ൽ മറുപടിക്ക്

## സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏകജാലക സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹിദ്:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. റ്റി.എൻ.പ്രതാപൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏകജാലക സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) 17/9/2012-ലെ, ജി.ഒ(ആർ.റ്റി.)686/2012/ നിവ. നമ്പർ ഉത്തരവ് പ്രകാരം, സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏകജാലക സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ ; | ബി) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹാർദ്ദപരവുമാക്കുക വഴി, പൗരൻമാർക്ക് താമസംവിനാ സേവനം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. |
| സി) ഏതെല്ലാം ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ : | സി) രജിസ്ട്രേഷൻ വകുപ്പ് നേരിട്ടാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. |
| ഡി) പദ്ധതിക്കായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ? | ഡി) ഏകജാലക സംവിധാനത്തിന്റെ ഭാഗമായി, ഇനിപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>➢ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തി, ആയതിന്റെ ചുമതല ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ളാർക്കിന് നൽകുക.<br>➢ ആധാരങ്ങൾ ഹാജരാക്കുന്നതിന്, തീയതി, സമയം എന്നിവ രേഖപ്പെടുത്തി രസീത് നൽകുക. |

- സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ എന്നിവക്കുള്ള അപേക്ഷ, കക്ഷികളിൽനിന്ന് സ്വീകരിക്കുമ്പോൾ ആയത് തയ്യാറാകുന്ന തീയതിയും സമയവും ചേർത്ത് രസീത് നൽകുക.

- ഓഫീസിൽനിന്നുള്ള എല്ലാ സേവനങ്ങൾക്കും ഓഫീസിൽ വരുന്ന ക്രമപ്രകാരം സേവനം നൽകുന്നതിന് ടോക്കൺ സമ്പ്രദായം നടപ്പിലാക്കുക.

- വസ്തുവിന്റെ ഫെയർവാല്യൂ വിവരങ്ങൾ, ആധാരത്തിലെ മുദ്രവില, രജിസ്ട്രേഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ കക്ഷികൾക്ക് നൽകുക.

- ആധാരമെഴുത്തുകാരൻ സർക്കാർ നിശ്ചയിച്ചതിൽ കൂടുതൽ ഫീസ് വാങ്ങുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

- എല്ലാ സർട്ടിഫിക്കറ്റുകളും, രജിസ്ട്രേഷൻ പൂർത്തിയായ ആധാരങ്ങളും തിരികെ നൽകിയ വിവരം സബ് രജിസ്ട്രാർ ഉറപ്പ്വരുത്തുക.

സെക്ഷൻ ഓഫീസർ